# FRAGRANCE 2018-19



BETHANY ASHRAM HIGH SCHOOL

CHERUKULANJI

Bethany Ashram High school

Cherukulanji ; Ranny

Phone : 04735- 206505

# ഫ്രാഗ്രൻസ് 2018-19

*Printed and Published by*

Little *KITES club*

*Editor*

*Aparna Anil*

*Associated Editors*

*Archana Sunil*

*Litty Prasad*

*Sanusha P Sanil*

*Cover Design*

*Aiswarya Ashok*

*poojalakshmi M .M*

*Art Works*

*Sonu A S*

*Su jith M Chacko*




# ഫ്രാഗ്രൻസ് 2018-19

## താളുകൾമറിക്കുമ്പോൾ

സന്ദേശം
എഡിറ്റോറിയൽ
കടന്നുവന്ന വഴികൾ
ബഥനി സാന്ത്വന
മൂന്നു ശിഷ്യന്മാർ
ബുദ്ധിമാനായ ബാലൻ
വായിച്ചുവളരാം
മരം പറഞ്ഞകഥ
ഉത്തരം പറയാമോ
തവളയും കുരങ്ങും
നല്ലപരിസ്ഥിതിക്കു വേണ്ടി...
സംസ്കാരവും ......
കുഞ്ഞുമൂങ്ങയും .....
വെണ്ണയുണ്ടായിരുന്നെങ്കിൽ
വൈകിവന്ന
ഭൂമിയുടെ തേങ്ങൽ
ചരിത്രപരമായ....
കുരങ്ങനും....
നല്ലപരിസ്ഥിതിക്കു വേണ്ടി...
പാറുക്കുട്ടിയും....
The Witness
വിശപ്പ്
ചങ്ങാതി.....
ഇടശ്ശേരി.....
വൈലോപ്പിള്ളി..



## സന്ദേശം

കുട്ടികളുടെ ഐ.ടി അധിഷ്ഠിതമായ കഴിവുകളെ വളർത്തുവാനും ,സാങ്കേതിക വിദ്യകളുടെ ഉപയോഗം കൂടുതലായി മനസിലാക്കാൻ സാധിക്കുന്നതും ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബിന്റെ നേട്ടം തന്നെയാണ് .
നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തകരായ വിദ്യാർത്ഥികൾ
അവരുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവം
കലാ വി പണിക്കർ
ഹെഡ്മിസ് ട്രസ്



കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള ഐ.റ്റി ക്ലബ്ബ് ആണ് ലിറ്റിൽ കൈറ്റ്സ് . പ്രസ്തുത ക്ലബ്ബിന്റെ ആദ്യബാച്ചിൽ തന്നെ അംഗങ്ങളാവാൻ ഭാഗ്യം ലഭിച്ച ഇരുപത് പേരേയും പ്രത്യേകം അനുമോദിക്കുന്നു .
"ഫ്രാഗ്രൻസ് 2018-19" നു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.
എല്ലാ ആശംസകളും !

സ്നേഹപൂർവം
റവ.ഫാ. ജോസഫ് വരമ്പുങ്കൽ O.I.C
ഡയറക്ടർ.ബഥനി ആശ്രമം ഹൈസ്കൂൾ



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തകർക്ക് അനുമോദനങ്ങൾ !
"ഫ്രാഗ്രൻസ് 2018-19" എന്ന മാഗസിന് എല്ലാ ഭാവുകങ്ങളും .....
ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം
റവ.ഫാ. ലിജോ ജോർജ്ജ് O.I.C
അസിസ്റ്റന്റ് ഡയറക്ടർ. ബഥനി ആശ്രമം ഹൈസ്കൂൾ





# Editorial

God has gifted unique and inmate qualities and talents to each and every child. The mode of utilisation of their talents depends upon the availability of oppertunities they might get.It is here where the nature and quality of a school magazine is realised. It creates a platform for the students to exhibit and develop the true potentials of a child through writings , drawings and much more.

As it is widely said that language is the dress of thoughts our students ranging from the bidding stars to the grown ups have dressed their thoughts through their language and also has utilised their talents on art work through their drawings .This magazine is thus enriched with a wide verity of articles, poems, stories, drawings puzzles and is more than that needs the eye . Their magazine also intends to capture the whole school and its wide spectrum of activities happened in the academic year 2018-19. Every nature has same hearts and hands behind its success and expressing a word of gratitude to them would be worthwhile and courteous. We take this occasion to sincerly thank all those who gave their support through words and deeds and those who worked behind to bring out the school magazine with immense pleasure we present before you "FRAGRANCE 2018-19" . We hope that the magazine will be a soothing experience for your eyes and mind as you go through the pages of "FRAGRANCE 2018-19"

Aparna Anil

Standard IX A

# കടന്നു വന്ന വഴികൾ



റാന്നിയുടെ അഭിമാനസ്തംഭമാണ് ചെറുകുളഞ്ഞി ബഥനിആശ്രമം ഹൈസ്കൂൾ. അമ്പതു വർഷം മുമ്പ് ചെറുകുളഞ്ഞി തികച്ചും യാത്രാ സൗകര്യമില്ലാത്ത ഒരു ഉൾപ്രദേശമായിരുന്നു.കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഏറ്റവും അടുത്തപ്രൈമറി വിദ്യാലയംറാന്നി ഇട്ടിയപ്പാറയിലുള്ളസി.എം.എസ് എൽ.പി സ്കൂളായിരുന്നു.തന്മൂലംപല കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിച്ചിരുന്നില്ല.ഈസ്ഥിതിക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട്ഐത്തല കോയിപ്പുറത്ത് ശ്രീ സി.റ്റി തോമസ് വക്കീൽ അദ്ദേഹത്തിന്റെ വക സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിച്ചുകിട്ടാൻ സർക്കാരിലേയ്ക്ക് അപേക്ഷ നല്കിയതിൻ പ്രകാരം1957 ജൂൺമാസത്തിൽ ഒരു U P സ്കൂളിന് അനുവാദംകിട്ടി.അങ്ങനെ 1957 ജൂൺമാസം പത്താം തീയതി ചെറുകുളഞ്ഞി യു.പി.എസ് എന്ന സ്ഥാപനം ഒര് ഓലമേഞ്ഞഷെഡ്ഡിൽ കേവലം 28 കുട്ടികളോടുകൂടി ഫസ്റ്റ് ഫോമിൽ ആരംഭിച്ചു. മുല്ലശ്ശേരിൽ ശ്രീമതി.എം.പി. സരോജിനിയമ്മ പ്രഥമ അദ്ധ്യാപികയായി ചുമതലയേറ്റു.

1957-ൽ തന്നെപുതിയകെട്ടിടത്തിന്റെപണി ആരംഭിക്കുകയും മുല്ലശ്ശേരിൽ ശ്രീ വേലായുധൻനായർ പണിയ്ക്ക് നേതൃത്വവും പണവും നല്കി സഹായിക്കുകയുംചെയ്തു.1959-60 ല് സ്കൂൾ വർഷത്തിൽഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകൾ ഒരുമിച്ച്അനുവദിച്ച് ഒരു പൂർണ്ണ യു.പി. സ്കൂളായി മാറി.

1961-ൽ ശ്രീ സി.റ്റി തോമസ് ദിവഗതനായതോടെ ശ്രീമതി.കുഞ്ഞമ്മ തോമസ് സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തു.പരേതന്റെ സ്മരണയ്ക്കായി സ്കൂളിന്റെ പേര് സി.റ്റി തോമസ് മെമ്മോറിയൽ യു.പി.എസ് എന്നു മാറ്റി. 1976-ൽകോട്ടയംബഥനി സന്യാസ സമൂഹത്തിന് സ്കൂളിന്റെ മാനേജ്മെന്റ് കൈമാറി.തന്മൂലം ഈ സ്ഥാപനം അതുമുതൽ ചെറുകുളഞ്ഞി ബഥനി ആശ്രമം യു.പി സ്കൂൾഎന്ന പേരിലായി.ഇതിനു നേതൃത്വം നല്കിയ റവ.ഫാ.ജെറോം ഒ.ഐ.സി,യശ്ശശരീരനായറവ.ഫാ.മാത്യു ഒ.ഐ.സി,നാട്ടിലെ ചില പ്രമുഖവ്യക്തികൾ എന്നിവരുടെ സേവനം എടുത്തു പറയത്തക്കതാണ്.1982-ൽ സ്കൂൾ ലോക്കൽ മാനേജരായിരുന്ന റവ.ഫാ.മാത്യു ഒ.ഐ.സി യുടെയും അദ്ധ്യാപകരുടെയും ശ്രമഫലമായി യു.പി.സ്കൂൾ ഒരു പൂർണ്ണ ഹൈസ്കൂളായി ഉയർത്താൻ സാധിച്ചു. 1984 -85 സ്കൂൾവർഷം പത്താം സ്റ്റാൻഡേർഡിൽ ആദ്യബാച്ച്കുട്ടികൾ100 ശതമാനം വിജയം കരസ്ഥമാക്കിയെന്നത് സന്തോഷപ്രദമാണ്.പിന്നിട്ട ഓരോവർഷവും ഈ നാടിന്റെ സാമൂഹികസാംസ്കാരിക പുരോഗതിയിൽ ഈ സ്കൂൾ മുഖ്യ പങ്കുവഹിച്ചു കൊണ്ടിരിക്കുന്നു.................



# പ്രവേശനോത്സവം





# പരിസ്ഥിതിദിനം







## പത്തനംതിട്ട മലയാളമനോരമ ബ്യൂറോയിൽ

ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ
കുട്ടിപത്രപ്രവർത്തകരുടെ സംഗമം






# സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ

നല്ലപാഠം പദ്ധതി ഉദ്ഘാടനം

കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ അനുസ്മരണ ദിനാചരണം . സ്കൂൾ പത്രം "ബഥനിനാദം"പ്രകാശനം











# ബഥനി സാന്ത്വന

ബഥനി ആശ്രമം ഹൈസ്കൂളിൽ നല്ലപാഠം പദ്ധതിയുടെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കുട്ടികളുടെ കൈത്താങ്ങായി " ബഥനി സാന്ത്വന " എന്ന പദ്ധതി ബഹുമാനപ്പെട്ട ശ്രീ . രാജു ഏബ്രഹാം M. L .A ഉദ്ഘാടനം ചെയ്തു .

കുട്ടികൾ സ്വന്തമായി നിർമ്മിച്ച സോപ്പ് , ലോഷൻ , സോപ്പുപൊടി ,ബാഗ്, ബിഗ്ഷോപ്പർ മുതലായ ഉല്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിച്ചതുകയും കുഞ്ഞിക്കൈകളിൽ കൂട്ടിവച്ച നാണയതുട്ടുകളും , ഓണത്തിനും പെരുന്നാളിനും പുത്തനുടുപ്പുവാങ്ങാൻ കിട്ടിയ പൈസയും എല്ലാം കൂടി ചേർത്തുവച്ചപ്പോൾ ലഭിച്ച അരലക്ഷം രൂപയുടെ ചെക്ക് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നല്കി.

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് ഒപ്പം നില്ക്കാൻ , കേരളസർക്കാരിനും സുമനസുകൾക്കും ഒപ്പം സമാനതകളില്ലാത്ത ഈ കൈത്താങ്ങ് B.A.H.S -ലെ കുഞ്ഞുങ്ങൾക്കും സാധിച്ചു എന്നത് സ്കൂളിനും ചെറുകുളഞ്ഞി നാടിനും അഭിമാനമാണ് .











" ഹലോ ഇംഗ്ലീഷ് "



## മൂന്നു ശിഷ്യന്മാർ

ഗുരു തന്റെ മൂന്നു ശിഷ്യന്മാരെയും വിളിച്ച് , ഇപ്രകാരം പറഞ്ഞു . "ഈ നാണയങ്ങൾ നിങ്ങൾക്ക് ഇഷ്ടം പോലെ വിനിയോഗിയ്ക്കാം . എന്നാൽ മൂന്നാം ദിവസം ഞാൻ സന്ദർശനത്തിനെത്തുമ്പോൾ,നിങ്ങളുടെ സമ്പാദ്യം കൊണ്ട് നിങ്ങളുടെ മുറി നിറഞ്ഞിരിയ്ക്കണം ."

മൂന്നാം ദിവസം ഗുരുവിനെ ക്ഷണിക്കാൻ ശിഷ്യന്മാരെത്തി . ഒന്നാമൻ തന്റെ മുറി തുറന്നു ."ഗുരുവേ വന്നാലും"അങ്ങുതന്ന ചെറിയ നാണയം കൊണ്ട് എനിക്കു സമ്പാദിക്കൻ കഴിഞ്ഞത് ഇതാണ് ".ദുർഗന്ധം വമിക്കുന്ന ചപ്പുചവറുകൾ കൊണ്ട് മുറി നിറച്ചിരിക്കുന്നു .ഗുരു മൂക്കു പൊത്തി .

രണ്ടാമത്തെ ശിഷ്യനും ഗുരുവിനെ ക്ഷണിച്ചു .
"എന്റെ സമ്പാദ്യം കണ്ടാലും ".അയാൾ വാതിൽ തുറന്നതും പഞ്ഞിശകലങ്ങൾ കാറ്റിൽ പറന്നു നടന്നു . ഗുരുവിന്റെ നെറ്റി ചുളിഞ്ഞു .

മൂന്നാമൻ വിനയത്തോടെ ഗുരുവിനെ ക്ഷണിച്ചു ."അങ്ങു തന്ന നാണയം ഉപയോഗിച്ച് ഞാൻ അല്പം ചന്ദനത്തിരിയും മെഴുകുതിരിയും വാങ്ങി.അവയുടെ സുഗന്ധവും വെളിച്ചവും കൊണ്ട് മുറി നിറഞ്ഞിരിക്കുന്നു അങ്ങ് അകത്തേയ്ക്ക് വന്നാലും "

ഗുരുവിനു സന്തോഷമായി .

\- - -

Ajila P K

Std 9

:::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::

## ബുദ്ധിമാനായ ബാലൻ

മൈതാനത്ത് കുട്ടികൾ പന്തു കളിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് പന്ത് അവിടെയുള്ള ഒരു മരപ്പൊത്തിൽവീണു.അവർ എത്ര ശ്രമിച്ചിട്ടും പന്ത് എടുക്കാൻ കഴിഞ്ഞില്ല. പന്തിന്റ ഉടമസ്ഥനായ കുട്ടി കരയാൻ തുടങ്ങി.

അപ്പോൾ അതുവഴി വന്ന ഒരു ബാലനോട് കുട്ടികൾ കാര്യം പറഞ്ഞു. അവൻ കുട്ടികളോട് പറഞ്ഞു "രണ്ടു കുടം വെള്ളം കൊണ്ടുവരൂ." അവർ കൊണ്ടുവന്ന വെള്ളം അവൻ പൊത്തിലേയ്ക്ക് ഒഴിച്ചു. പന്ത് പൊങ്ങിവന്നു. ബാലൻ പന്ത് എടുത്ത് കുട്ടിൾക്ക് കൊടുത്തു. അവർക്ക് സന്തോഷമായി.



ബുദ്ധിമാനായ ആ ബാലനാണ് ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. നമ്മുടെ പ്രിയപ്പെട്ട ചാച്ചാജി.

Aleena Mariam Biju
Std 8 B

# വായിച്ചുവളരാം

പുസ്തകവായനയുടെ അനുഭവം പലപ്പോഴും സ്വകാര്യ അനുഭൂതിയായിരിക്കും . ഒരാൾക്ക് ഇഷ്ടപ്പെടുന്നു എന്നതുകൊണ്ട് ഒരു പുസ്തകം മികച്ചതാകണമെന്നില്ല . എങ്കിലും ഇഷ്ടപ്പെട്ട പുസ്തകങ്ങൾ , ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ എന്നിവ മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കാം . "പുസ്തകങ്ങളിൽ എന്തുണ്ട് എന്ന ചോദ്യത്തിന് പുസ്തകങ്ങളിൽ എല്ലാമുണ്ട് എന്ന് കവിവാക്യം "

കൂട്ടുകാരേ , വായനയെക്കുറിച്ച് പറയാനും കേൾക്കാനും എളുപ്പമാണ് . വായന നമുക്ക് ഒരു ശീലമാക്കാം . നല്ല വായനാനുഭവങ്ങൾ കൂട്ടുകാർക്കുമുന്നിലും രക്ഷിതാക്കൾക്കുമുന്നിലും പങ്കുവയ്ക്കാം . തെരുവുവിളക്കിന്റെ ചുവട്ടിലിരുന്ന് വായിച്ച ഏബ്രഹാം ലിങ്കനെ നമുക്കറിയാം . ചങ്ങമ്പുഴയുടെ രമണൻ വായിക്കാൻ അനുഭവിച്ച പ്രയാസങ്ങളെക്കുറിച്ച് എം. ടി എഴുതിയിട്ടുണ്ട് . കിലോമീറ്ററുകൾ നടന്ന് അകലെ ഒരു വീട്ടിൽനിന്ന് പുസ്തകം വാങ്ങിയതും , മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഒറ്റ രാത്രികൊണ്ട് രമണൻ പകർത്തിയെഴുതിയതും , പിറ്റേന്ന് പുസ്തകം തിരികെ ഏല്പിച്ചതുമായ അനുഭവം നമ്മുടെ കൺമുമ്പിലുണ്ട് . നമ്മുടെ അവസരങ്ങൾ നമുക്കു ചുറ്റുമുണ്ട് . സ്കൂൾലൈബ്രറിയിൽ , പൊതുവായനശാലകളിൽ ,വീടുകളിൽ ,എത്രയെത്ര പുസ്തകങ്ങൾ . പുസ്തകങ്ങൾ തേടി കിലോമീറ്ററുകൾ താണ്ടിയ പഴയ കാലമല്ല , പുസ്തകങ്ങൾ നമ്മെ തേടിയെത്തുന്ന കാലം .വായിക്കുക , അതിലേറെ ചിന്തിക്കുക ,വളരെകുറച്ചുമാത്രം എഴുതുക എന്നുപറയാറുണ്ട് . വായന മറന്ന് എഴുത്തുകാരനാവാൻ ശ്രമിക്കരുത് . എന്തു വായിക്കണം , എങ്ങനെ വായിക്കണം എന്നെല്ലാം പ്രധാനമാണ് .അശ്ലീലമല്ലാത്തതെല്ലാം.....പിന്നെ നമുക്ക് ഇഷ്ടമുള്ള മേഖലയിലേയ്ക്കു തിരിയാം . വായന ഒരു ശീലമാകുമ്പോൾ അതു നമ്മുടെ ചിന്തയെ , ആഗ്രഹങ്ങളെ , തീരുമാനങ്ങളെ , പ്രവർത്തനപദ്ധതികളെ എല്ലാം സ്വാധീനിക്കും . ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങളിലെത്താനുള്ള പാഥേയമായി വായനയെ കൂടെക്കൂട്ടുക .

" വായിച്ചാൽ വളരും ,വായിച്ചില്ലെങ്കിലും വളരും .
വായിച്ചാൽ വിളയും , വായിച്ചില്ലങ്കിൽ വളയും "

കാർത്തിക ഉത്തമൻ
സ്റ്റാൻഡാർഡ് 9 B

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

| |
|---|
| നില്കുമീ നില്പിൽ നില്ക്കാതെ , നീങ്ങി മുന്നോട്ടുപോയിടാം .<br>പിടിച്ചുതള്ളും , അല്ലെങ്കിൽ പിന്നിൽ നിന്നു വരുന്നവർ |

നിന്റെ ഉയർച്ചയിൽ നീ ആരാണെന്നു നിന്റെ സുഹൃത്തുക്കൾ അറിയും .
നിന്റെ തകർച്ചയിൽ നിന്റെ സുഹൃത്തുക്കൾ ആരാണെന്നു നീ അറിയും

ssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssssss

# മരം പറഞ്ഞകഥ



നേരം സന്ധ്യയോടടുത്തു.മഴ ഇതുവരെ തന്റെ രോഷം അടക്കുന്നില്ല എന്നു തോന്നുന്നു.നിർത്താതെ പെയ്യുകയാണ് . ആരോ നെഞ്ചു പൊട്ടിക്കരയുകയുന്ന ശബ്ദം. തീർച്ചയായും മഴ രോദനമാണ്. ആരൊക്കെയോ സാക്ഷിപത്രമാവുന്ന വറ്റാത്ത സൗഹൃദപുഴകളിൽ നിന്നും വീണടിയുന്ന രോദനം. മഴ എന്റെ പീതപുഷ്പങ്ങളൊക്കെ കൊഴിക്കുന്നു. പൂത്തുതുടങ്ങിയിട്ട് ഇന്നാദ്യമായാണ് ഇങ്ങനൊരു മഴ. എന്റെ ചില്ലകളിൽ ബാക്കിവന്ന നനഞ്ഞുകുതിർന്ന പൂവുകൾ മഴയ്ക്കു ശേഷം ഏങ്ങലടിച്ചുകരയുകയാണ്. താഴെയതാ ,മരണം മഴയായി വന്നു വലിച്ചെറിഞ്ഞ ചില സൗഹൃദങ്ങൾ ചേതനയറ്റ കിടക്കുന്നു.

ഓർമ്മകളിലെങ്ങോ ഒരു സൗഹൃദത്തിന്റെ സുഗന്ധം .നിത്യ വസന്തവീഥികളിൽ ചിറകിട്ടടിച്ചു നടക്കുന്ന പൂമ്പാറ്റകളെ ഇന്നും എന്റെ കൺമുമ്പിൽ ഞാൻ കാണുന്നുണ്ട്. നാൾക്കുനാൾ മുമ്പ്, ഈ സരസ്വതീക്ഷേത്രത്തിൽ എന്നെ നട്ടുപിടിപ്പിച്ചപ്പോൾ ആരോ മന്ത്രിച്ച വാക്കുകൾ ഇന്നും മനസ്സിൽ; "മാഷേ, നമ്മുടെ സ്കൂളിന്റെ വളർച്ചയ്ക്ക് ഈ വാകമരം എന്നും ഒരു തണലായിരിക്കും അല്ലേ?"

ആ ഓർമ്മകൾക്ക് എന്തു മധുരമായിരുന്നെന്നോ? മധുരമൂറിയിരുന്ന എന്റെ മനസ്സിൽ വേദന നാമ്പിട്ടത് എന്നായിരുന്നു? ങ്ഹാ.. അതെ അന്നാദ്യമായ് എന്നെ നുള്ളി നോവിച്ചപ്പോൾ... നാലു വയസ്സുള്ള ഒരു കുട്ടി തന്റെ സന്തോഷത്തിനായി എന്റെ തളിരിലകളെ നുള്ളിനോവിച്ചപ്പോൾ.....ഞാൻ എന്തു കരഞ്ഞെന്നോ!.

ഭൂതകാലത്തിന്റെ വേദനകൾ വർത്തമാനത്തിൽ തമാശയാകുന്നു. കുട്ടികളെ വീക്ഷിക്കുന്നത് എന്റെ സ്ഥിരം തമാശയാണ്. ഏതെല്ലാം തരത്തിലുള്ള കുട്ടികളാണ് . നിസ്സാര കാര്യത്തിന് പരസ്പരം വഴക്കുകൂടുന്നവർ, പിണങ്ങി നടക്കുന്നവർ, പുച്ഛിച്ചു ചിരിക്കുന്നവർ, സ്നേഹമുള്ളവർ, ആഹ്ളാദിക്കുന്നവർ, ശാന്തസ്വഭാവമുള്ളവർ.....

എവിടെയും സൗഹൃദം ലഹരിയായി , തണുവായി , മഴയായി പെയ്തലിഞ്ഞു നില്ക്കുന്നു. ഞാനെല്ലാം കാണുന്നും കേൾക്കുന്നും ഉണ്ടായിരുന്നു. പലതിനും മറുപടികളും ഞാൻ തന്നു. പക്ഷേ , നിങ്ങളാരും എന്നെ ശ്രദ്ധിച്ചില്ല. എന്നോടു സംസാരിച്ചില്ല. എന്നെ കേട്ടിരുന്നില്ല . എങ്കിലും നിങ്ങളെല്ലാവരും എനിക്കു പ്രിയപ്പെട്ടവരാണ്.

കണ്ണീരണിയുന്ന വർഷാവസാനങ്ങൾ . ഒരു വ്യാഴവട്ടം ഈ മണ്ണിൽ ചവിട്ടി നടന്നവരുടെ കാൽപാദങ്ങൾ അകന്നു പോകുന്നു . ചൂടേറുന്ന പത്താംക്ളാസിന്റെ അന്ത്യത്തിൽ കൂട്ടുവിട്ടകലുകയാണ് പലരും.

പിന്നെയും ഞാനിവിടെ നെഞ്ചുപൊട്ടുന്ന വേദനകളിലേയ്ക്ക് വേരോടിച്ചും, മാറ്റുകൂട്ടുന്ന വർത്തമാനങ്ങൾക്ക് തണലായും , ചിന്തിച്ചുപൂക്കുന്ന വാക്കുകൾക്ക് നിഴലായും ...അങ്ങനങ്ങനെ.......

ഇനി എത്ര നാൾ ബാക്കി? അറിയില്ല .

ആരാണ് കഴിഞ്ഞദിവസം പറഞ്ഞത് . "ഈ മരം ഒരുപാട് പ്രായമായതാണ്. ഇനി അടുത്തവർഷം പൂക്കുമെന്നു തോന്നുന്നില്ല . നമുക്കതിനെ വെട്ടിക്കളഞ്ഞാലോ......... "

ദൈവമേ , ഈ സംവത്സരങ്ങളിൽ കലാലയം തന്ന ഓർമ്മകളിൽ നീന്തി തുടിച്ച് എനിക്കിനിയും മതിയായിട്ടില്ല . വൃദ്ധയെന്ന് മുദ്രകുത്തി തന്നെയും എന്ന് കൊല്ലും . ങ്ഹാ.... അടുത്തുതന്നെ.

ഈ അങ്കണത്തിലേയ്ക്ക് ആദ്യമായ് ചുവടുവയ്ക്കുന്ന പൈതങ്ങളേ , നിങ്ങൾക്കു ഞാൻ നന്മ നിറഞ്ഞ ഒരു ഭാവി നേരുന്നു...... എന്റെ വർത്തമാനങ്ങളിൽ ആയുധമേല്ക്കുന്നു.........മുറിയുന്നു....നാളെകളിൽ......... ഒരോർമ്മയായെങ്കിലും നിങ്ങളിൽ ഞാൻ നിഴലിക്കട്ടെ...........

നിള എസ് . സ്റ്റാൻഡാർഡ് 9 A

## ഉത്തരം പറയാമോ ?.......

1. ഉപഭോക്താക്കളുടെ എണ്ണത്തിൽ 100 കോടി പിന്നിട്ട ആദ്യ സോഷ്യൽ നെറ്റ് വർക്കിംഗ് സർവീസ്
2. കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത് ?
3. ഹിന്ദുസ്വരാജ് ആരുടെ കൃതിയാണ?
4. കേരളത്തിൽ റെയിൽപ്പാത ഇല്ലാത്ത ജില്ലകൾ?
5. ലോകത്തിലെ നാലാമത് സൂപ്പർ കമ്പ്യൂട്ടർ ഏതു രാജ്യത്തിന്റേതാണ് ?
6. ISRO യുടെ ആസ്ഥാനം ?
7. ഇന്ത്യടെ ഏറ്റവും വേഗം കൂടിയ സൂപ്പർ കമ്പ്യൂട്ടർ ?
8. ജീവന്റെ നദി എന്നറിയപ്പെടുന്നത് ?
9. നൈട്രജൻ കണ്ടെത്തിയ ശാസ്ത്രജ്ഞൻ ?
10. ഇന്ത്യയിലെ ആദ്യ സൈബർ പോലിസ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെ ?

### ഉത്തരങ്ങൾ

| | |
|---|---|
| 1 ഫേസ്ബുക്ക് | 6 ബാംഗ്ളൂർ |
| 2 ചാൾസ് ബാബേജ് | 7 സാഗാ 220 |
| 3 ഗാന്ധിജി | 8 രക്തം |
| 4 ഇടുക്കി ,വയനാട് | 9 റൂഥർ ഫോർഡ് |
| 5 ഇന്ത്യ | 10 ബാംഗ്ളൂർ |

*സമ്പാദകൻ : അർജ്ജുൻ ബി പണിക്കർ*

*സ്റ്റാൻഡാർഡ് 9A*

## നുറുങ്ങറിവ്

- ഇന്ത്യൻ സാഹിത്യത്തിനു നല്കുന്ന അത്യുന്നത അവാർഡാണ് ജ്ഞാനപീഠം. ഈ അവാർഡിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നത് "ഭാരതീയ ജ്ഞാനപീഠം " എന്ന സാംസ്കാരിക സംഘടനയാണ് . 1964 ലാണ് ഈ അവാർഡ് നിലവിൽ വന്നത് . ശാന്തിപ്രസാദ് ജെയിൻ എന്ന വ്യാവസായിക പ്രമുഖനാണ് ഈ അവാർഡ് ഏർപ്പെടുത്തിയത്
- ജ്ഞാനപീഠം അവാർഡ് ആദ്യമായി ലഭിച്ചത് മഹാകവി ജി. ശങ്കരക്കുറുപ്പ് രചിച്ച ഓടക്കുഴൽ എന്ന കൃതിക്കാണ് .ഈ അവാർഡ് തുക കൊണ്ട് (ഒരു ലക്ഷം രൂപയും പ്രശംസാ പത്രവും ) അദ്ദേഹം വേറൊരു അവാർഡ് ഏർപ്പെടുത്തി. അതാണ് ഓടക്കുഴൽ അവാർഡ്

## ദൈവദാസൻ മാർ ഈവാനിയോസിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ



## ബഥനി ദിനാഘോഷങ്ങൾ





# അദ്ധ്യാപകദിനം


Sweet
Selfie


Sweet
Selfie


BETHANY ASHRAM
ENGLISH MEDIUM NURSERY SCHOOL

ബഥനി ആശ്രമം സ്കൂൾ മുൻ മാനേജരും പ്രശസ്ത വേദപണ്ഡിതനുമായ "റവ. ഡോ. ജോൺ ബർക്കുമാൻസ്" അച്ചന്റെ സ്മരണാർത്ഥം "ഗുരുസ്മൃതി" എന്ന പുതിയ പാഠ്യ പദ്ധതിക്കു തുടക്കം കുറിക്കുന്നു







## തവളയും കൂണും

ഒരിക്കൽ ഒരു തവള ഒരു യാത്ര പോകാൻ തീരുമാനിച്ചു . മഴക്കാലമായിരുന്നെങ്കിലും അവൻ കുടയൊന്നും എടുത്തില്ല . വഴിയിൽ തിന്നാൻ വേണ്ടി ഒരു കൂൺ മാത്രം അവൻ കൊണ്ടു പോയി . കുറേ നടന്നു കഴിഞ്ഞപ്പോൾ വലിയ മഴയുണ്ടായി . പെട്ടെന്ന് തവളക്കുട്ടൻ തിന്നാൻ കരുതി വച്ചിരുന്ന കൂൺ കുടയായി പിടിച്ചു . അങ്ങനെ തവളക്കുട്ടൻ നനയാതെ മുന്നോട്ടു പോയി . കുറച്ചുകഴിഞ്ഞപ്പോൾ മഴ മാറി വെയിൽ വന്നു . കൂൺ കുടയായി പിടിച്ച് അവൻ വെയിൽ നിന്നും രക്ഷപെട്ടു . അങ്ങനെ നടന്നപ്പോൾ അവന് വിശന്നു. കുടയായി മാറ്റിയ കൂണിന്റെ ഒരു ഭാഗം മുറിച്ചെടുത്ത് അവൻ ഭക്ഷിച്ചു . അപ്പോൾ അവന്റെ വിശപ്പ് മാറി . വീണ്ടും അവൻ യാത്ര തുടർന്നു . ഇടയ്ക്കിടയ്ക്ക് കുറച്ചുകുറച്ചായി കൂണ് മുഴുവൻ അവൻ തിന്നു . ളുണപോലെ നിന്നിടം മാത്രം ബാക്കിയായി . അവൻ പിന്നേയും യാത്ര തുടർന്നു . കുറച്ച് കഴിഞ്ഞപ്പോൾ മഴ പെയ്തു . തവളക്കുട്ടൻ നന്നായി നനയാൻ തുടങ്ങി . എന്തു പറ്റിയെന്നവൻ ആലോചിച്ചു . മുകളിലേയ്ക്ക നോക്കി . കുട കാണാനില്ല . കഷണം കഷണമായി കുടയായ കൂണിനെ താൻ ഭക്ഷിച്ചുവെന്ന് അപ്പോഴാണ് അവന് മനസ്സിലായത് . മഴയിൽ നിന്നും വെയിലിൽ നിന്നും തന്നെ കുടയായി രകഷിച്ച കൂണിനെ ഭക്ഷിച്ച സങ്കടത്തിൽ , മഴ നനഞ്ഞു തന്നെ അവൻ യാത്ര തുടർന്നു .

ഉമാമഹേശ്വരി
സ്റ്റാൻഡേർഡ് 7 B





# നല്ല പരിസ്ഥിതിക്കുവേണ്ടി ഇന്ധനം സംരക്ഷിക്കുക

വായുവിൽ കത്തിദഹിക്കുമ്പോൾ ഉപയോഗപ്രദമായ രൂപത്തിൽ ഊർജ്ജം ഉല്പാദിപ്പിക്കുവാൻ കഴിവുള്ള പദാർഥമാണ് ഇന്ധനം. ഇന്ധനത്തിന്റെഓക്സിഡേഷന് ദഹനം എന്നു പറയുന്നു. പ്രാചീനശിലായുഗത്തിൽ മനുഷ്യവർഗ്ഗം ഇന്ധനം ഉപയോഗിച്ചിരുനനതായി കരുതപ്പെടുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനും ജീവൻ നിലനിർത്തുന്നതിനും ഇന്ധനത്തിന്റെ കണ്ടുപിടുത്തം മനുഷ്യനെ സഹായിച്ചു. ഇന്ധനം ലഭിക്കാതായാൽ മനുഷ്യവർഗ്ഗത്തിന്റെ നിലനില്പുതന്നെ അപകടത്തിലാകും. പ്രധാന കമ്പോളഇന്ധനങ്ങൾ കാർബൺ, ഹൈഡ്രജൻ എന്നിവയുടെ സംയുക്തങ്ങളാണ്.

ഇന്ന് ഇന്ധനസംരക്ഷണം എന്നത് കേവലം ചെലവ് ചുരുക്കൽ നടപടി മാത്രമല്ല.ക്രമാതീതമായി വർദ്ധിച്ച് വരുന്ന മലിനീകരണ തോത് കുറയ്ക്കുന്നതിന് ഇന്ധനസംരക്ഷണം അനിവാര്യമാണ്.എന്നാൽ ഗൾഫ്, ഐക്യനാടുകൾ , ജപ്പാൻ ,കൊറിയ അങ്ങനെ എല്ലാ രാജ്യത്തും ഇന്ധന ദുരുപയോഗം വ്യാപകമാണ്.ഇന്ധനത്തിനായി വലിയ ഗർത്തങ്ങളാണ് മനുഷ്യൻ ഉണ്ടാക്കുന്നത്. ഇത് പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. കൊറിയ പോലുള്ള വൻകിട രാജ്യങ്ങളിൽ ഇന്ധനഉപയോഗം വർദ്ധിച്ചുവരുകയാണ്.മറ്റൊരുരാജ്യം പിടിച്ചടക്കാൻയുദ്ധങ്ങളുണ്ടാകുന്നു.പ്രകൃതിയിൽ നിന്ന് ഇന്ധനം വലിയ അളവിൽ ഉല്പാദിപ്പിച്ച് അതുകൊണ്ട് യുദ്ധം ചെയ്യുന്നു.മിസൈലുകൾ, യുദ്ധ ആയുധങ്ങൾ,ഭീമാകാരന്മാരായ ടാങ്കറുകൾ മുങ്ങിക്കപ്പലുകൾ ബോംബുകൾ , ഇവയെല്ലാം ഇന്ധനത്തെ ആശ്രയിക്കുന്നു. മുഴുവൻ പ്രതിരോധശക്തിയും രാജ്യങ്ങൾ യുദ്ധത്തിന് ഉപയോഗിക്കുന്നു. ഇതിലൂടെ വലിയ സ്ഫോടനത്തിനു കാരണമാകുന്നു. യുദ്ധത്തിൽ ഇന്ധനനമാണ് അവശ്യഘടകം. യുദ്ധസാമഗ്രികൾ മുഴുവൻ ഇന്ധനത്തിലാണ് പ്രവർത്തിക്കുന്നത്. അങ്ങനെ രാജ്യങ്ങൾ ഏറ്റുമുട്ടുമ്പോൾ ഒരു രാജ്യം ജയിക്കുകയും പ്രകൃതിയുടെ ശക്തി ശോഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിൽ ഉണ്ടാകുന്ന അഗ്നി ,പുക , മറ്റ് വിഷാംശങ്ങൾ എന്നിവ പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു . മനുഷ്യന്റെ ഇത്തരം പ്രവർത്തിയിലൂടെ പ്രകൃതി ഒരു സമനില തെറ്റിയഭ്രാന്തിയായി ഉലഞ്ഞാടുന്നു.പ്രകൃതിയിലെ പല ഘടകങ്ങൾക്കും വിനാശം സംഭവിക്കുന്നു അതിലൊന്നാണ് ഓസോണിന്റ അവസ്ഥ.
കൽക്കരി , പെട്രോളിയം തുടങ്ങിയ ഫോസിൽ , ഇന്ധനങ്ങൾ കത്തുമ്പോൾ കാർബൺ ഡൈ ഓക്സൈഡ് അടക്കമുള്ള വാതകങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് ധാരാളമായി വന്നു ചേരുന്നു.ഇവയ്ക്ക് സൂര്യപ്രകാശത്തിലൂടെ ചൂടിനെ ആഗിരണം ചെയ്യുവാനുള്ള ശേഷി ഉണ്ട് .അന്തരീക്ഷത്തിൽ വാതകങ്ങളുടെ അളവ് വർദ്ധിക്കും തോറും അന്തരീക്ഷ ഊഷ്മാവ് ഉയർന്നുകൊണ്ടിരിക്കും . ഈ പ്രതിഭാസത്തെയാണ് ആഗോളതാപനം എന്നു പറയുന്നത്. മുമ്പത്തേക്കാൾവേഗത്തിൽ ഹരിതഗൃഹ വാതകങ്ങൾ നശിപ്പിക്കുകയാണ്.സൂര്യന്റെ ദോഷകരമായ അൾട്രാവയലറ്റ് വികിരണത്തിൽ നിന്ന് ഓസോൺ പാളിയിലെ ദ്വാരങ്ങൾ അൾട്രാവയലറ്റ് രശ്മികൾക്കും അൾട്രാവയലറ്റ് കിരണങ്ങളിൽ നിന്നുള്ള തൊലിയിരിക്കലുമായിരുന്നു . അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നതുവഴി ധ്രുവങ്ങളിലെ മഞ്ഞുരുകി കടൽനിരപ്പ് ക്രമാതീതമായി ഉയരുകയും കാറ്റിന്റെ സ്വാഭാവിക ഗതി വ്യത്യാസപ്പെടുകയും ചെയ്യുന്നു . ഇതുവഴി കാലാവസ്ഥാ വ്യത്യാസം എന്ന പ്രതിഭാസം ഉടലെടുത്തിരിക്കുന്നു . ഇന്നു ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്ന പ്രധാന വിഷയമാണിത് . കാലവസ്ഥാ വ്യതിയാനം മൂലം കാർഷിക വിളകൾ നശിക്കുകയും മാറാരോഗങ്ങൾ പിടിപെടുകയും ചെയ്തുകൊണ്ടിരിക്കുന്നു .

വംശനാശഭീഷണി മറ്റൊരു പ്രശ്നമാണ് .മലിനീകരണത്തിൽ നിന്നു മൃഗങ്ങൾ വളരെയധികം കഷ്ടപ്പെടുന്നു . ജൈവവൈവിധ്യത്തിലെ ബാലൻസ് ഒരു പ്രശ്നമായി തീരുന്നു. ഭൂമിയിലെ പരിസ്ഥിതി അസന്തുലനാവസ്ഥയിൽ ഭക്ഷ്യ ചങ്ങല ഫലങ്ങളിൽ അസമത്വം ഉണ്ട്.

മനുഷ്യൻ ഇന്ധനത്തിനായി ഭൂമിയിൽ വലിയ കുഴികൾ ഉണ്ടാക്കുന്നു. അങ്ങനെയുള്ള ഗർത്തങ്ങൾ ഭൂമിയുടെ സുസ്ഥിരമായ ചലനത്തിന് ഭംഗം വരുത്തുന്നു. അങ്ങനെ ഭൂമിയിൽ അസന്തുലനം ഉണ്ടാകുന്നു.

വാഹനങ്ങളുടെ പുക , ഇന്ധന രാസമാറ്റത്തിലെ കെമിക്കലുകൾ , അഗ്നി ,

**പുക സ്ഫോടനങ്ങളിലെ വിഷാംശങ്ങൾ , മറ്റ് രാസവസ്തുക്കൾ ഇവ പ്രകൃതിനാശത്തിന് കാരണമാകുന്ന , വസ്തുക്കളും വാതകങ്ങളും ഉണ്ടാകാൻ കാരണമാകുന്നു. അതിലൊന്നാണ് കാർബൺഡയോക്സൈഡ്. ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം ഇന്ധനത്തിന്റെ അമിതഉപയോഗമാണ് . ഫലപ്രദമായി ഇന്ധനം സംരക്ഷിക്കാൻ പല വഴികളുണ്ട് .**

**ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെ വലിയ സാമൂഹിക പ്രാധാന്യം ഉണ്ട് . നമ്മുടെ വീട്ടിൽ ഒരു യൂണിറ്റ് വൈദ്യുതി ലാഭിച്ചാൽ താപനിലയങ്ങളിൽ ഒരു കിലോഗ്രാം കൽക്കരി കത്തിക്കുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് .രാജ്യത്തെ ഉല്പാദന നിലയങ്ങളിൽ സിംഹഭാഗവും കല്ക്കരി ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾവഴി ഒഴിവാക്കപ്പെടുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവ് വളരെ ഗണ്യമാണ് . അക്ഷയ ഊർജ്ജസ്രോതസുകളായ സൂര്യൻ, കാറ്റ് ,തിരമാല , ബയോഗ്യാസ് എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതിയുല്പാദനത്തിന് വളരെയധികം സാമൂഹ്യ പ്രാധാന്യമാണ് ഇന്നുള്ളത്. കല്ക്കരി ,പെട്രോളിയം എന്നീ ഊർജ്ജസ്രോതസുകൾ അമിതമായി ഉപയോഗിച്ചുതീരുന്നത് ഒഴിവാക്കാനും അതുമൂലം സാധിക്കുന്നു.**

**വാഹനങ്ങൾ അമിതവേഗത്തിൽഓടിക്കാതിരിക്കുക. 40-50 കിലോ മീറ്ററിലെ ചുവന്നവര മെച്ചപ്പെട്ട ഇന്ധനക്ഷമത കിട്ടുന്ന വേഗതയാണ് . ടയറുകളിൽ നൈട്രജൻ നിറയ്ക്കുന്നതും ഗുണം ചെയ്യും. ട്രാഫിക്കിൽ കുരുങ്ങിയാൽ സിഗ്നലിനു താമസം ഉണ്ടെങ്കിൽ എഞ്ചിൻ ഓഫ് ചെയ്യുക. വാഹനം വേണ്ടസമയത്ത് സർവീസ് ചെയ്ത് നല്ല നിലയിൽ ഓടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.വാഹത്തിന്റെ ഗ്ലാസ് താഴ്ത്തി യാത്ര ചെയ്യുക.**

**രാത്രിയിൽ അല്ലെങ്കിൽ അതിരാവിലെ ഇന്ധനം നിറയ്ക്കുക. ഇതിലെന്ത് കാര്യം എന്ന് പലരും ചിന്തിക്കുന്നുണ്ടാകും . സാധാരണ ഗതിയിൽ ടാങ്ക് റിസർവിലാകുമ്പോഴാണ് ഇന്ധനം നിറയ്ക്കാൻ തയാറകുന്നത്. ഇത് ഇന്ധനം നഷ്ടപ്പെടുന്നതിലേയ്ക്ക് വഴി തെളിയ്ക്കും.കാരണം താപം വർദ്ധിക്കുന്നതിന് അനുസൃതമായി ഇന്ധനം വികസിക്കുന്നു. ദിവസത്തിന്റെ ചൂടുസമയത്താണ് ഇന്ധനം നിറയ്ക്കുന്നത് എങ്കിൽ ഊർജ്ജോല്പാദനം കുറയും. ചൂട് സമയത്ത് ഇന്ധനം കൂടുതല് കത്തി തീരും. അതിനാൽ രാത്രിയിൽ അല്ലെങ്കിൽ അതിരാവിലെ ഇന്ധനം നിറയ്ക്കുന്നതാണ് ഉത്തമം.**

**പെട്രോൾ , ഡീസൽ ടാങ്ക് പകുതി കാലിയാകുമ്പോൾ തന്നെ ഇന്ധനം നിറയ്ക്കുക , ഇന്ധന ടാങ്കുകൾക്ക് ഫ്ളോട്ടിംഗ് റൂഫ് ഉണ്ടായിരിക്കുക , ഇടവേളകളിൽ ടയർ പ്രഷർ പരിശോധിക്കുക ,സർവീസ് ചെയ്യുക ഇവയൊക്കെ മികച്ച റൈഡിംഗിനൊപ്പം ഇന്ധനക്ഷമതയും വർദ്ധിക്കും . സ്പാർക്ക്പ്ലഗ്ഗുകൾ അഞ്ചുവർഷത്തിലൊരിയ്ക്കൽ മാറ്റുന്നത് അത്യുത്തമമാണ് .മികച്ച ഫ്യൂവൽ കമ്പസ്റ്റ്യൻ ഇന്ധനക്ഷമത വർദ്ധിക്കുന്നതിൽ മുഖ്യ പങ്കുവഹിയ്ക്കുന്നു .**

**ഇന്ധനസംരക്ഷണം എന്നത് ചെലവുചുരുക്കൽ മാത്രമല്ല . ക്രമാതീതമായി വർദ്ധിച്ചുവരുന്ന മലിനീകരണ തോത് കുറയ്ക്കുന്നതിന് ഇന്ധനസംരക്ഷണം അനിവാര്യമാണ്.**

**നമുക്ക് ഇന്ധന ഉപയോഗം കുറയ്ക്കാം . പ്രകൃതിയെ സംരക്ഷിയ്ക്കാം . ഇന്ധനം സംരക്ഷിച്ചുകൊണ്ട് ആഗോളതാപനം , ഓസോൺ വിള്ളൽ, വംശനാശഭീഷണി , അങ്ങനെ മറ്റ് കുഴപ്പങ്ങളെയെല്ലാം ചെറുക്കാം. ഇന്ധനം പ്രകൃതിയ്ക്കായി സംരക്ഷിയ്ക്കാം**

**Sonu A S**
**Std 9 A**

*--------oooooooooooooooooooooooooo--------------------*

ഏതു ഭീരുവിനും നുണ പറയാം . സത്യം പറയാൻ തന്റേടം വേണം

# സംസ്കാരവും വിദ്യാഭ്യാസവും

മനുഷ്യനെ മൃഗങ്ങളിൽനിന്നും വേർതിരിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് സംസ്കാരം . മനുഷ്യജീവിതങ്ങളെ രൂപപ്പെടുത്തുന്നതിൽ മൂല്യബോധം അഥവാ സംസ്കാരം ഒരു വലിയ പങ്ക വഹിക്കുന്നു . ആഴത്തിലും പരപ്പിലും അർത്ഥം ഒരുപാടുള്ള പദമാണ് സംസ്കാരം . സംസ്കാരവും വിദ്യാഭ്യാസവും നാണയത്തിന്റെ രണ്ടു വശങ്ങളാണ് .കാലത്തെയും ദൂരത്തേയും തന്റെ കണ്ടുപിടുത്തങ്ങളിലൂടെ അതിജീവിച്ച മനുഷ്യൻ സാംസ്കാരികമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ഒരുപാട് പിന്നിലാണ് .ബിരുദധാരികളെ സൃഷ്ടിക്കുക മാത്രമല്ല , വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം . സംസ്കാരമുള്ള ഒരുതലമുറയെ വാർത്തെടുക്കുക എന്ന ദൗത്യം ഓരോ ഇന്ത്യൻ പൗരനിലും നിക്ഷിപ്തമായ കർത്തവ്യമാണ്.

സംസ്കാരസമ്പന്നമായ പൂർവകാലമാണ് നമ്മുടെ നാടിന് ഉണ്ടായിരുന്നത്.കല,സാഹിത്യം, നിയമം എന്നിങ്ങനെ നമ്മുടെ നാടിനെ സംസ്കാരസമ്പന്നമാക്കുന്ന ഒരു പാട് ഘടകങ്ങൾ ഉണ്ടായിരുന്നു . എന്നാൽ കലയ്ക്കും സാഹിത്യത്തിനും പ്രാധാന്യം ഇല്ലാത്ത ആധുനികകാലത്തെ ജീവിതം നയിക്കുന്ന മനുഷ്യന് ഇന്ന് നമ്മുടെ തനത് സംസ്കാരത്തോട് പുച്ഛമാണ് . ഇതിന്റെ ഫലമായി മറുനാടൻ വിഭവങ്ങൾക്ക് പിന്നാലെ മനുഷ്യർ പരക്കം പായുന്നു .നമുക്ക് നിലവിലുള്ള വിശ്വാസങ്ങൾ , മനോഭാവങ്ങൾ , മൂല്യങ്ങൾ എന്നിവ പുതുതലമുറയിലേയ്ക്ക് പകർന്നുകൊടുക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ് . എന്നാൽ വിദ്യാഭ്യാസം കച്ചവടമായി മാറുന്ന ഈ കാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു തന്നെയാണ് മൂല്യച്യുതിയുടെയും ധർമ്മരോഷത്തിന്റെയും വിത്തുകൾ കുട്ടികളിലേക്ക് പാകപ്പെടുന്നത് .

ശ്രേഷ്ഠരായ വ്യക്തികളെ , ഒരു നല്ല നാളെയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അമ്പേ പരാജയപ്പെടുന്ന അവസ്ഥയാണിന്ന് കണ്ടുവരുന്നത് . മാറി വരുന്ന ഉത്തരാധുനിക ജീവിതരീതികൾക്ക് ഇണങ്ങുംവിധമുള്ള വ്യത്യസ്ത സേവനമേഖലകളെ കണക്കിലെടുത്ത് അവയ്ക്കനുയോജ്യമാംവിധം, പ്രാവീണ്യമുള്ള വ്യക്തികളെ സൃഷ്ടിക്കുക എന്നതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം . നിയതവും നിശ്ചിതവുമായ പരിധിക്കുള്ളിൽ നിറുത്തി സംസ്കാരത്തെ വിശദീകരിച്ചാൽ അതിന്റെ അന്തസ്സത്തയ്ക്ക് കോട്ടം തട്ടും . മനുഷ്യനെ മനുഷ്യനാക്കി രൂപപ്പെടുത്തുന്ന സംസ്കാരം അവന്റെ ബന്ധങ്ങളിലും ,കർമ്മങ്ങളിലും , വ്യക്തിജീവിതത്തിലും വളർത്തിയെടുക്കേണ്ടത് സമകാലിക സമൂഹത്തിൽ അത്യാവശ്യമാണ് .

അപർണ അനിൽ
സ്റ്റാൻഡേർഡ് 9 A

മഹാത്മാ ഗാന്ധി , മാർട്ടിൻലൂതർ കിംഗ് എന്നിവരുടെ ഓർമ്മക്കായി ഏർപ്പെടുത്തിയിരിക്കുന്ന സമാധാനത്തിനുള്ള വിശ്വപ്രസിദ്ധ അവാർഡാണ് ഗാന്ധി- കിംഗ് പുരസ്കാരം

സമർഥരായ ശിഷ്യന്മാരെ വാർത്തെടുക്കുകയല്ല ,
ഉന്നതന്മാരായ ഗുരുക്കന്മാരുടെ ദൗത്യം .
അനുയോജ്യരായ ഗുരുക്കന്മാർക്ക് രൂപം കൊടുക്കുകയാണ്

## കുഞ്ഞുമൂങ്ങയും അമ്മമൂങ്ങയും

കുഞ്ഞുമൂങ്ങ അമ്മയോടു നിരവധി ചോദ്യങ്ങൾ ചോദിക്കുമായിരുന്നു .
"അമ്മേ ആകാശത്തിൽ എത്ര നക്ഷത്രങ്ങൾ ഉണ്ട് ?"
"മോൻ പോയി എണ്ണി നോക്ക് "
അവൻ എണ്ണി " ഒന്ന്... രണ്ട് ..... മൂന്ന് .... നാല്
.......അഞ്ച്.........ആറ് ......നൂറ് .......ആയിരം....."
നേരം പുലർന്നിട്ടും അവന് എണ്ണാൻ കഴിഞ്ഞില്ല .
രാവിലെ അമ്മ ചോദിച്ചു . "എത്ര നക്ഷത്രങ്ങൾ ഉണ്ട് ?"
"എണ്ണാൻ പറ്റിയില്ല ."
"ആകാശത്തിന് എത്ര ഉയരമുണ്ട് ? "കുഞ്ഞുമൂങ്ങ ചോദിച്ചു
"പോയി പറന്നുനോക്ക്"
അവൻ പറന്നു. അവനു പറ്റുന്നതിനേക്കാൾ.
വീട്ടിൽ ചെന്നപ്പോൾ അമ്മ ചോദിച്ചു . "എത്ര ഉയരമുണ്ട് ?"
"അളക്കാൻ പറ്റിയില്ല "
"സമുദ്രത്തിൽ എത്ര തിരമാലകളുണ്ട് ?"
"അമ്മയ്ക്കെന്നോട് എന്തുമാത്രം സ്നേഹമുണ്ട് ?"
കുഞ്ഞുമൂങ്ങ ചോദിച്ചുകൊണ്ടേയിരുന്നു .
അമ്മ പറഞ്ഞു . "ആകാശത്തിൽ എത്ര നക്ഷത്രങ്ങൾ ഉണ്ടോ ,
ആകാശത്തിന് എത്ര ഉയരമുണ്ടോ , സമുദ്രത്തിൽ എത്ര തിരമാലകളുണ്ടോ അത്രയും ..............."



സ്റ്റെനിമോൾ സാജൻ
സ്റ്റാൻഡാർഡ് 6 A

⁘⁘⁘⁘⁘⁘⁘⁘⁘

## വെണ്ണയുണ്ടായിരുന്നെങ്കിൽ

മുല്ലനാസറുദ്ദീൻ ഭാര്യയോടു പറഞ്ഞു. "കുറച്ചു വെണ്ണ കൊണ്ടു വരൂ ".
"വെണ്ണ തീർന്നു പോയി " ഭാര്യ പറഞ്ഞു .
"വളരെ നന്നായി , വെണ്ണ പല്ലുകൾക്കും മോണകൾക്കും നന്നല്ല ."

N Prijin
Std :5 B

## വൈകിവന്ന.............

കാത്തു കാത്തിരുന്നെൻ മനം
സങ്കടത്താൽ മൂകമല്ലയോ...
നിൻ സ്നേഹവും പരിലാളനവും
കിട്ടാതെ പോയതേ !
അന്നുകിട്ടാത്ത ആ മധുരം
ഇന്നുകിട്ടിയിട്ടെന്തു പ്രയോജനം
അന്നുകാണാത്ത ആ കാഴ്ചകൾ
ഇന്നു കണ്ടുവല്ലോ ഞാൻ
ആ സ്നേഹത്തിൻ പൂക്കൾ
സുഗന്ധവാഹിനിയായി
എന്നിലെത്തുമ്പോൾ
മിഴി നനയുന്നു .
അന്നുകാണാത്ത കിനാവുകൾ
ഇന്നുകാണുന്നു ഞാൻ
അന്നു രുചിക്കാത്ത ആ സ്നേഹത്തിൻ
മധുരം ഇന്നു നുകർന്നുവല്ലോ
ആ മൂകതയിലൂടെ സഞ്ചരിച്ചു ഞാൻ
അതിൽനിന്ന് പുറത്തുവന്നു ...
വൈകിയെങ്കിലും
മകളായി സോദരിയായി
ഞാനെന്നുമെന്നും

അമൃത എ


സ്റ്റാൻഡാർഡ് 5 A



# ഭൂമിയുടെ തേങ്ങൽ

മാനുഷാ നീ കേൾക്കു -
കെന്റെയീ രോധനം
മുണ്ഡിത ശിരസ്കയായ്
ഈവഴിവീഥിയിൽ
ഞാൻ ചൊല്ലിടും
ആത്മ നൊമ്പരം .
ധരണിയാം ഞാൻ
നിന്റെ പാപങ്ങളൊക്കെ
മറന്നു
എന്റെ ദുർവിധി
കണ്ടൊരാ കൂട്ടർ ചിരിച്ചു
വലം വച്ചു നീങ്ങുന്ന
പാതകൾ തോറും
കരഞ്ഞു ഞാൻ, വേഗ-
ത്തിൽ നീങ്ങിടുന്നു .
നിന്റെ ദുഷ് പ്രവർത്തി -
കളെല്ലാം സഹിച്ചു
ഞാനീയിടത്തെത്രനാൾ
എത്രനാൾ ബാക്കി ?
വറ്റിവരണ്ടോരെൻ
നെഞ്ചോടുചേർന്നിതാ
നാലു നീളൻ പുല്ല്
നിന്നു നീലിക്കുന്നു.
ഫ്ളാറ്റുകൾ കൂണുപോൽ
ഏറിതുടങ്ങിയെൻ തോളുകൾ
കുനിതുടങ്ങി താനേ
എന്റെ നീല നയന-
ങ്ങൾ ചുടുനീർ വറ്റി
യകന്നുപോയ് , ഇന്നലെ!
വാകകൾ പൂക്കൾ
മറന്നു നില്ക്കുന്നിതെൻ
ദുർവിധിയോർത്തു ഞാൻ
എന്തോ പുലമ്പുന്നു.
ഇന്നലെകളിലെവിടെയോ
ചിരിച്ചകന്നൊരെൻ
കൂട്ടർ തൻ കൺ നിറഞ്ഞു.
എന്റെയീ ദുർവിധി-
പോരാട്ടമൊന്നിനായ്
അച്ഛനാം സൂര്യൻ
ജ്വലിച്ചു .....
തീ ജ്വാലയായിനിൻ
നെറുകയിൽതൊട്ടുന്നി-
തിന്നെൻ 'രോഷം'-
പുകഞ്ഞുപൊള്ളിച്ചു നിന്നെ .
മരണമെന്നതിഥിതൻ
കൂടെപറന്നുനീ,പൊഴിയുന്നു,
അകലുന്നു, മായുന്നു,
എന്നിരുന്നാലുമെൻ ദുർവിധി
ക്കെന്തന്ത്യം ഒന്നുമില്ലെങ്കിലോ
മാനുഷ്യർ ബാക്കി താൻ

നിള എസ്
സ്റ്റാൻഡാർഡ് 9 B



## ചരിത്രപരമായ കാൽവയ്പ്

1969 ജൂലൈ 29 ആകാശത്ത് മാത്രം കണ്ട് പരിചയമുള്ള ഒരു ഗോളത്തിൽ മനുഷ്യൻ ആദ്യമായി കാൽതൊട്ട് ദിവസമാണത് !അതെ ,നീൽ ആംസ്ട്രോങ് , മിഖായേൽ കൊള്ളിൻസ് ,എഡ്വിൻ ആൽഡ്രിൻ എന്നീ അമേരിക്കക്കാരാണ് അപ്പോളോ II എന്ന ബഹിരാകാശപേടകത്തിൽ ചന്ദ്രനിലേക്ക് പുറപ്പെട്ടത് . ഇതിൽ ആംസ്ട്രോങ് ആണ് ചന്ദ്രന്റെ മണ്ണിൽ ആദ്യമായി കാൽ കുത്തിയത് . പിന്നാലെ ആൽഡ്രിനും . മിഖായേൽ കൊള്ളിൻസ് പേടകത്തിൽ തന്നെ ഇരുന്നതേയുള്ളു ..
ഭൂമിയെക്കൂടാതെ മനുഷ്യന്റെ കാൽ പത്ഞ്ഞ ഒരേയൊരു ബഹിരാകാശഗോളം ചന്ദ്രനാണ് . 1930 ആഗസ്റ്റ് 5 ന് ഒഹിയോയിലാണ് നീൽ ആംസ്ട്രോങ് ജനിച്ചത് .2012 ആഗസ്റ്റ്25 ന് അദ്ദേഹം ഈ ലോകത്തോടു വിടപറഞ്ഞു .

ലിറ്റി പ്രസാദ്
സ്റ്റാൻഡേർഡ് 9 A

## കുരങ്ങനും പണച്ചാക്കും



ധനികനെങ്കിലും ലുബ്ധനായ ഒരു മനുഷ്യൻ ഒരു കുരങ്ങിനെ വാത്സല്യത്തോടെ വളർത്തിയിരുന്നു. ഒരു ദിവസം അയാൾ എവിടെയോ പോയിരുന്ന അവസരത്തിൽ കുരങ്ങ് അയാളുടെ സ്വകാര്യമുറിയിൽ കയറി . അവിടെ ഒരു ചാക്കുനിറയെ നാണയങ്ങൾ കെട്ടിവച്ചിട്ടുണ്ടായിരുന്നു. പണച്ചാക്കുകണ്ടയുടൻ ആ കുസൃതിക്കുരങ്ങൻ അതഴിച്ച് നാണയങ്ങൾ വാരി ജനലിൽക്കൂടി താഴത്തേയ്ക്ക് എറിയാൻ തുടങ്ങി. ശബ്ദം കേട്ട് ഒട്ടേറെ ജനങ്ങളും എത്തിതുടങ്ങി.ചാക്ക് മിക്കവാറും ഒഴിഞ്ഞപ്പോൾ നമ്മുടെ ലുബ്ധനും മടങ്ങയെത്തി. മിന്നൽ വേഗത്തിൽ അയാൾമുറിയിലേയ്ക്ക് പാഞ്ഞു. പക്ഷേ അപ്പോഴേയ്ക്കും ചാക്ക് ഒഴിഞ്ഞുകഴിഞ്ഞിരുന്നു.നൈരാശ്യവും കോപവും സഹിക്കാതെ അയാൾ കുരങ്ങനെ തല്ലിയോടിച്ചു.

ഇതു കണ്ടുനിന്ന ഒരു വൃദ്ധൻ പറഞ്ഞു, ”ആ കുരങ്ങൻ ചെയ്തതുപോലെ പണം നശിപ്പിക്കാനുള്ളതല്ല. പക്ഷേ അതു ശരിയായിവിനിയോഗിക്കാതെ കെട്ടിസൂക്ഷിക്കാനുള്ളതുമല്ല. രോഗി മരുന്ന് ഉപയോഗിക്കുന്നതുപോലെ മാത്രമേ നാം പണത്തെയും ഉപയേഗിക്കാവൂ . "

" ധനം മനുഷ്യനു ജീവിക്കാൻ വേണ്ടിയാണ്. മനുഷ്യൻ പണത്തിനുവേണ്ടി ജീവിക്കരുത്. "

ധനം മനുഷ്യനു ജീവിക്കാൻ വേണ്ടിയാണ്. മനുഷ്യൻ പണത്തിനുവേണ്ടി ജീവിക്കരുത്. “_

അരുണിമ അരുൺ

സ്റ്റാൻഡേർഡ് 9 B

# യോഗാദിനം

## ആർഷഭാരതത്തോടു ചേർന്ന് യോഗാദിനത്തിൽ







**ജൂണിയർ റെഡ്ക്റോസ്**



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**



ലിറ്റിൽകൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്



മലയാളത്തിളക്കം

# കായികമേള ഉദ്ഘാടനം









ബഥനി സ്കൂൾ സെക്യൂരിറ്റി ഫോഴ്സ്



ബാസ്കറ്റ് ബോൾ ടീം



## ശാസ്ത്ര , ഗണിത ,സോഷ്യൽസയൻസ് പ്രവർത്തിപരിചയ പ്രദർശനമേള......

















ABIN JACOB
VIII A




AARCHA N RAJESH
STD : VIII


sebin V.S 8.C


Vinto wilson
Class-VII A


ആദിത്യൻ അനിൽ
GB.

# നല്ല പരിസ്ഥിതിക്കുവേണ്ടി ഇന്ധനങ്ങളെ സംരക്ഷിക്കു

ചൂടാക്കുമ്പോൾ ഊർജ്ജം ഉല്പാദിപ്പിക്കുന്നവയാണ് ഇന്ധനങ്ങൾ . ഇവ നമ്മുടെ നിത്യ ജീവിതത്തിൽ പ്രത്യക്ഷമായും പരോക്ഷമായും വളരെയധികം ഉപകാരപ്രദമാണ് . ആഹാരം മനുഷ്യ ശരീരത്തിന് ഇന്ധനമാണ് . ആഹാരം പാകം ചെയ്യുന്നതിന് നാം വിറക് ഇന്ധനമായി ഉപയോഗിയ്ക്കുന്നു .


കൽക്കരി , പെട്രോളിയം തുടങ്ങിയ ഇന്ധനങ്ങൾ വ്യവസായ മേഖലകളിലും വാഹനങ്ങളിലുമാണ് കൂടുതൽ ഉപയോഗിക്കുന്നത്. നമ്മുടെ നിത്യ ജീവിതത്തിൽ ഉടനീളം ആത്യാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതും ഇന്ധനങ്ങളുടെ സഹായത്താലാണ് .

പെട്രോളിയം ,കൽക്കരി മുതലായവ ഭൂമിയിലെ സസ്യജന്തുജാലകങ്ങൾ പല കാരണങ്ങളാൽ മണ്ണിനടിയിൽപെട്ട് കോടിക്കണക്കിനു വർഷങ്ങൾ കൊണ്ട് രൂപാന്തരപ്പെട്ടുണ്ടായതാണ് . ഇവയെല്ലാം പ്രകൃതിയിൽ വളരെ വേഗം തീർന്നുകൊണ്ടിരിക്കുകയാണ് . നമുക്കു മാത്രമല്ല വരും തലമുറയ്ക്കു കൂടി ഇത് അർഹതപ്പെട്ടതാണ്. അതുകൊണ്ട് ഇന്ധനങ്ങൾ വളരെ ശ്രദ്ധിച്ച് ഉപയോഗിക്കേണ്ടതാണ്.


മാത്രമല്ല , ഇന്ധനങ്ങൾ കത്തുമ്പോൾ ഉണ്ടാകുന്ന പല വാതകങ്ങളും പരിസ്ഥിതിക്കു വളരെ ദോഷകരമാണ് . ഓസോൺ പാളികളുടെ തകർച്ച , പ്രകൃതിദുരന്തങ്ങൾ , പകർച്ചവ്യാധികൾ , മാറാരോഗങ്ങൾ, വരൾച്ച , പ്രളയം ഇവയെല്ലാം പരിസ്ഥിതി അസന്തുലിതാമാവുന്നതിനു തെളിവാണ് .

വരും കാലങ്ങളിലുണ്ടാകാവുന്ന ഇന്ധനദൗലഭ്യവും , പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയും പരിഗണിച്ച് നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇന്ധനവും പരിസ്ഥിതിയും ദുർവിനിയോഗം ചെയ്യാതിരിക്കുക, എന്നത് ഭാവിതലമുറയോടു നാം ചെയ്യുന്ന ഒരു " നല്ല കരുതൽ " ആയിരിക്കും .

അർജ്ജുൻ ബി പണിയ്ക്കർ
സ്റ്റാൻഡാർഡ് 9 A



പുറത്തുള്ളതല്ല , അകത്തുള്ളതാണ്
എന്നെ
ഉയരങ്ങളിലെത്തിക്കുന്നത്
നമ്മുടെ ഉള്ളം നന്മകൾ കൊണ്ടു നിറയ
നമുക്കും കൂടുതൽ ഉയരങ്ങളിൽ
പറക്കാൻ കഴിയട്ടെ



## പാറുക്കുട്ടിയും  കിളിയും

പാറുക്കുട്ടി മഴ കണ്ടു രസിക്കുകയായിരുന്നു .പെട്ടെന്നു ചവിട്ടുപടിയോടുചേർന്ന് ഒരു നേർത്ത സ്വരം കേട്ടത് . ഒരു കുഞ്ഞിക്കിളി . അതിന്റെ കാലൊടിഞ്ഞതാണെന്നു തോന്നുന്നു. പാറുക്കുട്ടി അതിനെ എടുത്തു , മുറിവു വെച്ചുകെട്ടി ,പാലും പഴവും കൊടുത്തു . നാളുകൾ കഴിഞ്ഞു മുറിവുണങ്ങി . പാറുക്കുട്ടി കിളിയോടു സംസാരിച്ചു. പാട്ടുപാടി കേൾപ്പിച്ചു . കിളി ഒന്നും മിണ്ടുന്നില്ല . എപ്പോഴും ദുഃഖഭാവം .അവൾക്കു സങ്കടമായി . അവൾ മുത്തശ്ശിയോടുപറഞ്ഞു . " മുത്തശ്ശി ഒരു  കഥ പറയ്  എന്റെ കുഞ്ഞിക്കിളിക്ക് സന്തോഷമാകും "

മുത്തശ്ശി വളരെ സൂത്രത്തിൽ അവളെ മുറിയിൽ പൂട്ടിയിട്ടു . അവൾ സങ്കടപ്പെട്ടു . കണ്ണുനിറഞ്ഞു. ചുണ്ടുവിതുമ്പി. മുത്തശ്ശി അവളോടു പറഞ്ഞു . "നിന്നെ പൂട്ടിയിട്ടപ്പോൾ നിനക്ക് സങ്കടമായില്ലേ . സ്വതന്ത്രമായി കളിച്ചുനടക്കുന്നതല്ലേ നിനക്കിഷ്ടം .അതുപോലെയാണു നിന്റെ കുഞ്ഞിക്കിളിക്കും ". മുത്തശ്ശിമുറിതുറന്നു . പാറുക്കുട്ടി  ഓടിച്ചെന്നു കൂട്  തുറന്നു. കിളി ചിറകടിച്ച് സന്തോഷത്തോടെ  പറന്നുപോയി

നിയാ ചിന്നു സുനോജ്

സ്റ്റാൻഡാർഡ്  5  A

---

# The Witness

The sun's decline announces my arrival
I am treated as the king of night
Sky is my diary which is a credential
I don't want lamp,I am the light
    The endless stars bare the letters
    the black holes are the spelling mistakes
    But they are  not enough matters
    There are places where my light opaques
I am the sadest of all and all
Nobody thinks of my feelings
I watche he cruels at earth as a doll
I watches the cruels and my hearts twings
    I watch the cruelty in the world us a doll
    And my hear aches
    I desire to tell all these  to sun
    But when the sun comes, I feel sleeping
    I am the heartless Man..........
    This cyclic process is continuing



Sonu A S

Standard 9 A

## ഗൈഡ്സ് യൂണിറ്റ്








**രണ്ടാം ക്ലാസിലെ കുഞ്ഞുങ്ങളുടെ കുട്ടിഗെയിമുകൾ....................**

**ഓടുന്നുണ്ടോടുന്നുണ്ടേ മാണിക്യചെമ്പഴുക്കാ........**





# ഗാന്ധിജയന്തി ആഘോഷങ്ങളിൽനിന്ന്





# വിശപ്പ്

ബുദ്ധിമാന്ദ്യമുള്ള തന്റെ മകനെ വാത്സല്യത്തോടെ ഊട്ടുന്ന അമ്മയെ ഞാൻ ശ്രദ്ധിക്കുകയായിരുന്നു
"എത്ര വയസ്സുണ്ട് മകന് ?"
"മുപ്പത്തിരണ്ട് ............ആ.. പള്ളിക്കൂടമില്ലേ ... അവിടെകൊണ്ടാക്കൻ പോകുവാ......"
വൃദ്ധയും ക്ഷീണിതയുമായ ആ അമ്മ ഇടവഴിയിലേക്കു വിരൽ ചൂണ്ടി .
അപ്പോഴാണ് എന്റെ വീടിനടുത്തുള്ള "തണൽ "എന്ന ചെറിയ സ്ഥാപനത്തെക്കുറിച്ച് ഓർമ്മ വന്നത് .
ഞാൻ കൊടുത്ത ചോറു മുഴുവൻ തിന്നു കഴിഞ്ഞ്, തൃപ്തനായി അവൻ അമ്മയോടുപറഞ്ഞു .
"ഇനിയൊരിക്കലും നമ്മക്കു വെശക്കത്തില്ല ,അല്ലേ അമ്മേ"
വാർദ്ധക്യത്തിൽ തനിക്കു തണലാകേണ്ട മകൻ .
ദരിദ്രയായ തന്റെ കാലം കഴിഞ്ഞാൽ അവന്റെ സ്ഥിതി ..............?
നിസ്സഹായത മുഴുവൻ കണ്ണുകളിൽ തുളുമ്പി , താഴേക്കൊഴുകാൻ വെമ്പുന്നതിനിടയിലും ,നേർത്ത ചിരിയോടെ ആ അമ്മ തലയാട്ടി

*****************

**MJ**

ഏറെ പ്രതീക്ഷകളോടെയാണ് മറു നാട്ടിലേക്കു വണ്ടി കയറിയത് .കയ്യിലെ പൈസ തീർന്നപ്പോൾ കൂട്ടുകാരൻ കയ്യൊഴിഞ്ഞു . അറിയാവുന്ന മുറിഭാഷകൾ ഉപയോഗിച്ച് ഒരു ജോലി തരപ്പെടുത്താൻ ശ്രമിച്ചു. എവിടെയും നോ വേക്കൻസി മാത്രം .
റബർ വെട്ടിയും പറമ്പിൽ കിളച്ചും അച്ഛൻ എന്നെ പഠിപ്പിച്ചു ഡിഗ്രിക്കാരനാക്കി . ബിരുദവുമായി പലയിടത്തും അലഞ്ഞു . എന്തു ജോലിയും ചെയ്യാൻ തയ്യാറായി.എന്നാൽ ജോലിക്കനുസരിച്ച് കൂലി തരാൻ ആരും തയാറായില്ല .
പൊരിഞ്ഞ് വെയിലത്ത് ലക്ഷ്യമില്ലാതെ അലഞ്ഞു . വിശപ്പിന്റെ രുചിയറിഞ്ഞു . പൈപ്പു വെള്ളം കൊണ്ട് വിശപ്പടക്കാൻ ശ്രമിച്ചു . പെട്ടെന്നാണതു കണ്ടത്.....
അടുത്തുള്ള കുഴിയിലേക്ക് പഴംപച്ചക്കറിക്കടയിലെ വേസ്റ്റ് , ഉന്തു വണ്ടിയിൽ കൊണ്ടു വന്ന് തട്ടുന്നു . ഞാൻ സൂക്ഷിച്ചുനോക്കി. ചീഞ്ഞ പച്ചക്കറികൾ, പഴങ്ങൾ .....അതാ...... ഒരു ആപ്പിൾ ,"വലിയ കേടില്ലാന്നു തോന്നുന്നു".............ഞാൻ പതിയെ കുഴിയിലേക്കിറങ്ങി . ആപ്പിളെടുക്കാൻ കൈനീട്ടി ... പെട്ടെന്നൊരു കാള പാഞ്ഞു വന്ന്...... ആ ആപ്പിൾ വായ്ക്കകത്താക്കി ..............................

*****************

MJ

# ചങ്ങാതി നന്നായാൽ.....

ഒരു കർഷകന് ആറു കഴുതകളുണ്ടായിരുന്നു. അവയിലൊന്ന് അസുഖം ബാധിച്ച് ചത്തുപോയി.ബാക്കിയുണ്ടായിരുന്ന അഞ്ചു കഴുതകളിൽ ഒന്ന് മഹാ മടിയനായിരുന്നു . ഒരു പണിയും ചെയ്യില്ല. അതിനാൽ മറ്റു കഴുതകൾക്ക് കഠിനമായി ജോലി ചെയ്യേണ്ടി വന്നു. അതു മനസ്സിലാക്കിയ കർഷകൻ പുതിയൊരു കഴുതയെ വാങ്ങാൻ തീരുമാനിച്ചു. അയാൾ ഒരു കഴുത വില്പനക്കാരനെ സമീപിച്ചു.

" ദാ , നല്ല മുന്തിയ ഇനം കഴുതയാണ് . പക്ഷേ , വില അല്പം കൂടും, “ കഴുത വില്പനക്കാരൻ പറഞ്ഞു.

" വില പ്രശ്നമല്ല , നല്ല കഴുതയായിരിക്കണമെന്നു മാത്രം . കഴുതയുടെ സ്വഭാവവും രീതിയും ഇഷ്ടമായാൽ മാത്രമേ ഞാൻ ഇതിനെ വാങ്ങൂ .അതു മനസ്സിലാക്കാൻ കഴുത രണ്ടു ദിവസം എന്റെ കൂടെ നില്ക്കട്ടെ . ആ വ്യവസ്ഥ സമ്മതമാണെങ്കിൽ നമുക്കു കച്ചവടം ഉറപ്പിക്കാം “. കർഷകൻ പറഞ്ഞു.

കച്ചവടക്കാരൻ സമ്മതിച്ചു.

കർഷകൻ കഴുതയുമായി വീട്ടിലേയ്ക്കുതിരിച്ചു. പുതിയ കഴുതയെ മറ്റു കഴുതകളോടൊപ്പം വിട്ടു. താമസിയാതെ പുതിയ കഴുത , മടിയനായ കഴുതയെ തന്റെ കൂട്ടുകാരനായി തെരഞ്ഞെടുത്തു. അവനുമായി സൊള്ളാനും ചങ്ങാത്തംകൂടാനും തുടങ്ങി. കർഷകൻ അതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അയാൾ അപ്പോൾ തന്നെ കഴുതയുമായി കച്ചവടക്കാരന്റെ അടുത്തേയ്ക്ക് തിരിച്ചു ചെന്നു.

" എന്താ രണ്ടു ദിവസം കൂടെ നിർത്തണമെന്നു പറഞ്ഞിട്ട് , ഉടനെ തിരികെ കൊണ്ടുവന്നത് ? " കച്ചവടക്കാരൻ അത്ഭുതത്തോടെ ചോദിച്ചു.

" ഇവന്റെ സ്വഭാവം മനസ്സിലാക്കാൻ എനിക്ക് കൂടുതൽ സമയം വേണ്ടി വന്നില്ല. ഈ കഴുത ഒരു മടിയനാണ് .ചെന്ന പാടെ അവൻ കൂട്ടത്തിൽ ഏറ്റവും മടിയനുമായാണ് ചങ്ങാത്തം കൂടിയത് . ഒരാളുടെ സ്വഭാവം മനസ്സിലാക്കാൻ അവന്റെ കൂട്ടുകാരെ ശ്രദ്ധിച്ചാൽ മതിയല്ലോ . അതുകൊണ്ട് എനിക്ക് ഈ കഴുതയെ വേണ്ട.

കൃഷിക്കാരൻ നല്ലൊരു കഴുതയെ തേടിപ്പോയി.

ആര്യ ആർ നായർ

സ്റ്റാൻഡാർഡ് 9 A

****************************   ***********************************

**കേൾക്കാൻ സുഖമുള്ളൊരു ചോദ്യം , സുഖമാണോ ?**
**പറയാൻ സുഖമുള്ളൊരു കള്ളം , "സുഖം "**

# ഇടശ്ശേരി ഗോവിന്ദൻ നായർ

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ഇടശ്ശേരിക്കളംവതറവാട്ടിലാണ് ഇടശ്ശേരി ജനിച്ചത് . വക്കീൽ ഗുമസ്തനായി ജോലി നോക്കിയിട്ടുണ്ട് . പന്ത്രണ്ടാമത്തെ വയസ്സിൽ കവിതകൾ എഴുതിതുടങ്ങി . "പുത്തൻ കലവും അരിവാളും “, "പൂതപ്പാട്ട്""കുറ്റിപ്പുറം പാലം “, "കാവിലെ പാട്ട് “, "നെല്ലുകുത്തുകാരി”, "പാറുവിന്റെ കഥ" ,തുടങ്ങിയവ പ്രശസ്ത കവിതകളാണ് . "അളകാവലി" ,” കറുത്തചെട്ടിച്ചികൾ”,” ഒരുപിടിനെല്ലിക്ക”, "തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ" തുടങ്ങിയവ മറ്റു കാവ്യ കൃതികളാണ് . "നൂലാമാല" ,” കൂട്ടുകൃഷി” ,” കളിയും ചിരിയും" , "എണ്ണിച്ചുട്ട അപ്പം " തുടങ്ങിയവ നാടകകൃതികളാണ് ."കാവിലെ പാട്ടി"ന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും "ഒരുപിടിനെല്ലിക്ക"യ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്

1974 ഒക്ടോബർ 16 ന് അന്തരിച്ചു.

നന്ദന മനോജ്

സ്റ്റാൻഡാർഡ് 9A

# വൈലോപ്പിള്ളി

കാല്പനികതയുടെ നിഴലിൽ നിന്ന് മാറി അനുഭവങ്ങളെ കവിതക്ക് വിഷയമാക്കിയ കവിയാണ് വൈലോപ്പിള്ളി. അനുഭവങ്ങളെ അതേപടി പകർത്താതെ അത് മനസ്സിലിട്ട് ജീവിതദർശനമാക്കിയാണ് അദ്ദേഹം അവതരിപ്പിച്ചത് . ജീവിതമാകുന്ന കടലിനെ മഷിക്കുപ്പിയാക്കിയാണ് അദ്ദേഹം കവിതകൾ എഴുതിയത് . "മാമ്പഴ"ത്തിലൂടെ മലയാളിയുടെ കണ്ണുകളെ ഈറനണിയിച്ച ആ തൂലികയിൽ നിന്ന് "വിട"യും "പടയാളികളും " "കുടിയൊഴിക്കലും " "കന്നിക്കൊയ്ത്തു"മെല്ലാം പിറന്നു. ജീവിതത്തിന്റെ കയ്പും മധുരവുമെല്ലാം വൈലോപ്പിള്ളിക്കവിതയിൽ ഇടകലരുന്നു .

വികാരങ്ങളല്ല , വിചാരങ്ങളാണ് വൈലോപ്പിള്ളിക്കവിതയെ ഈടുറ്റതാക്കുന്നത് .തന്നെ ഏറെ സ്വാധീനിച്ച അനുഭവങ്ങളാണ് അദ്ദേഹം സൂക്ഷ്മമായി ആവിഷ്കരിക്കുന്നത് .കാണുന്ന കിനാവല്ല വിവരിക്കുന്ന ,വിസ്തരിക്കുന്ന സ്വപ്നങ്ങളാണ് വൈലോപ്പിള്ളിക്കവിത. വിതയുടെയും കൊയ്ത്തിന്റെയും (ജീവിതത്തിന്റെയും മരണത്തിന്റെയും )തത്വശാസ്ത്രമാണ് അദ്ദേഹം അവതരിപ്പിക്കുന്നത് .

കടൽപോലെ ഏറെ ജന്മങ്ങൾ ജീവിച്ച് ചുളിവുകൾ വീണ മുഖം വൈലോപ്പിള്ളിക്കവിതയ്ക്കുണ്ട്. "വിതക്കുകയും കൊയ്യുകയും ചെയ്യുമ്പോഴാണ് പുതിയ സന്താനപരമ്പരയെ സൃഷ്ടിച്ചുകൊണ്ട് , ജീവിതം നശിക്കാതെ നിലനില്ക്കുന്നു"എന്ന ദർശനത്തിലൂടെ ജീവിതത്തിന്റെ നൈരന്തര്യ ബോധം കവി അവതരിപ്പിക്കുന്നു .

**അർച്ചന സുനിൽ**

**സ്റ്റാൻഡാർഡ് 9 B**

## ഹരിതകേരളം








Bethany Asram
High school ...
Merry X-mas

## ബഥനി റേഡിയോ


Bethany Radio
Bethany Radio
Bethany Radio
Bethany Radio
















save fuel  save environment

# THANKS